**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 57** **23-01-2025 - ൽ മറുപടിയ്ക്ക്**

**ദുരന്തബാധിതർക്കായി പുനരധിവാസ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ വി ശശി,<br>ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വയനാട് മുണ്ടക്കൈ-ചൂരൽമല ഉരുൾപൊട്ടൽ അതിതീവ്ര ദുരന്തമാണെന്ന് സ്ഥിരീകരിക്കാൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് അഞ്ചുമാസം വേണ്ടിവന്നിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (എ) | 2024 ജൂലൈ 30ന് പുലർച്ചെ ആണ് മേപ്പാടിയിലെ മുണ്ടക്കൈ ചൂരൽമല പ്രദേശത്ത്, രാജ്യത്ത് ഇതുവരെ റിപ്പോർട്ട് ചെയ്യപ്പെട്ടതിൽ വച്ച് ഏറ്റവും വലിയ ഉരുൾപൊട്ടൽ ഉണ്ടായത്. സംസ്ഥാന സർക്കാരിന്റെ നിരന്തരമായ ഇടപെടലുകളുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ 2024 ഡിസംബർ 30ന് മുണ്ടക്കൈ-ചൂരൽമല ഉരുൾപൊട്ടലിനെ അതിതീവ്ര ദുരന്തമായി അംഗീകരിച്ചു എന്ന് ഔദ്യോഗികമായി അറിയിപ്പ് നൽകി. |
| (ബി) | കേന്ദ്ര സർക്കാരിൽനിന്നുള്ള അവഗണനയും പ്രതികൂല ഘടകങ്ങളുമുണ്ടായിട്ടും പുനരധിവാസവുമായി മുന്നോട്ടുപോകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. മേപ്പാടി പഞ്ചായത്തിലുണ്ടായ ഉരുൾപൊട്ടലിൽ ദുരന്ത ബാധിതരായവരെ പുനരധിവസിപ്പിക്കുന്നതിനായി മേപ്പാടി പഞ്ചായത്തിലെ നെടുമ്പാല എസ്റ്റേറ്റിലും, കൽപ്പറ്റ മുനിസിപ്പാലിറ്റിയിലെ എൽസ്റ്റോൺ എസ്റ്റേറ്റിലും മോഡൽ ടൗൺഷിപ്പ് നിർമ്മിക്കുന്നതിന് സർക്കാർ തീരുമാനം കൈക്കൊണ്ട് നടപടികൾ സ്വീകരിച്ചു വരുന്നു. KIIFCONനെ PMC/എംപ്ലോയർ പ്രതിനിധിയായി നിയമിക്കുകയും പദ്ധതി നടത്തിപ്പിനായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ (ULCCS) EPC കരാറുകാരായി നിയമിക്കുകയും ചെയ്തിട്ടുണ്ട്.<br><br>1000 ചതുരശ്ര അടി വിസ്തീർണ്ണത്തിലുള്ളതും ഒരു നില കൂടി നിർമ്മിക്കാൻ കഴിയുന്ന തരത്തിലാണ് കെട്ടിടത്തിന്റെ അടിസ്ഥാനം നിർമ്മിക്കുന്നത്. ടൗൺഷിപ്പിൽ അംഗൻവാടി, സ്കൂൾ, പോസ്റ്റ് ഓഫീസ്, ആശുപത്രി, മാലിന്യ സംസ്കരണ മേഖല, കമ്മ്യൂണിറ്റി ഹബ്ബ്, പാർക്ക്, മറ്റ് സാമൂഹിക പശ്ചാത്തലങ്ങൾ എന്നിവ അടങ്ങുന്ന സമഗ്രമായ പുനരധിവാസ പദ്ധതിയാണ് സർക്കാർ നടപ്പിലാക്കുക. നിർമ്മാണ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനായി സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. |
| (സി) | ദുരന്തബാധിതർക്ക് ദുരിതാശ്വാസക്യാമ്പും വാടകവീടുകളുമടക്കമുള്ള താൽക്കാലിക പുനരധിവാസം കുറ്റമറ്റ നിലയിൽ സജ്ജീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ഉണ്ട്. ദുരന്ത ബാധിതരായ 813 കുടുംബങ്ങൾക്ക് വിവിധ തദ്ദേശ സ്വയംഭരണ പരിധിയിൽ വാടകയ്ക്ക് താമസിക്കാൻ അനുയോജ്യമായ കെട്ടിടങ്ങൾ കണ്ടെത്തുകയും മുഴുവൻ കുടുംബങ്ങളെയും 28 ദിവസത്തിനകം പുനരിധിവസിപ്പിക്കുകയും ചെയ്തു. ക്യാമ്പുകളിൽ കഴിഞ്ഞവരിൽ വാടക വീടുകളിലും ബന്ധു വീടുകളിലും മാറി താമസിച്ചവർക്ക് CMDRFൽ നിന്നും പ്രതിമാസം 6000/- രൂപ വാടക തുക അനുവദിച്ചു വരുന്നുണ്ട്. ദുരിതാശ്വാസ ക്യാമ്പുകളിൽ നിന്നും പുനരധിവസിപ്പിക്കുന്ന ആളുകൾക്ക് അത്യാവശ്യമായ ഭക്ഷണ സാധനങ്ങളും മറ്റുമടങ്ങിയ കിറ്റുകൾ വിതരണം ചെയ്തു. വീടുകൾക്ക് ആവശ്യമായ ഫർണിച്ചറുകളും മറ്റുപകരണങ്ങളും വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ക്രിസ്തുമസിനോടനുബന്ധിച്ച് ഒരു കുടുംബത്തിന് 2000 രൂപയുടെ സാധനങ്ങൾ ലഭ്യമാക്കുന്നതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഔട്ട് ലെറ്റുകൾ മുഖേന ഗിഫ്റ്റ് കൂപ്പണുകൾ നൽകി. |
| (ഡി) | ദുരന്തബാധിതർക്കായി സർക്കാർ മാതൃകാപരമായ പുനരധിവാസ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ദുരന്തത്തെ അതിജീവിച്ചവരുടെ കുടുംബങ്ങൾക്കായി രണ്ടു മാതൃകാ ടൗൺഷിപ്പുകൾ വിഭാവനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | മുണ്ടക്കൈ-ചൂരൽമല ദുരന്തബാധിതരെ പുനരധിവസിപ്പിക്കുന്നതിന് മേപ്പാടി പഞ്ചായത്തിലെ നെടുമ്പാല എസ്റ്റേറ്റിലും, കൽപ്പറ്റ മുനിസിപ്പാലിറ്റിയിലെ എൽസ്റ്റോൺ എസ്റ്റേറ്റിലും മോഡൽ ടൗൺഷിപ്പ് നിർമ്മിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ടൗൺഷിപ്പിന് പുറത്ത് താമസിക്കുവാൻ ആഗ്രഹിക്കുന്ന ദുരന്ത ബാധിത കുടുംബങ്ങൾക്ക് 15 ലക്ഷം രൂപ അനുവദിക്കാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്.<br><br>മേപ്പാടി ദുരന്തബാധിത പ്രദേശത്തെ ട്രൈബൽ കുടുംബങ്ങൾക്ക് ടൗൺഷിപ്പിൽ പുനരധിവാസം ഉറപ്പാക്കുകയും അത് സ്വീകരിക്കാത്തവർക്ക് 15 ലക്ഷം രൂപ നൽകുകയോ അല്ലെങ്കിൽ അവരുടെ താൽപര്യത്തിന് അനുസരിച്ച് വനമേഖലയോട് ചേർന്ന് വനാവകാശ നിയമത്തിന് വിധേയമായി ഭൂമി കണ്ടെത്താനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ